**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6022** **17-03-2023 - ൽ മറുപടിയ്ക്ക്**

**പഴയ പെൻഷനിലേക്ക് മാറാനുള്ള അവസരം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2003 ഡിസംബർ 22-ന് മുമ്പ് വിജ്ഞാപനം ചെയ്ത ഒഴിവുകളിൽ നിയമിക്കപ്പെടുകയും നിലവിൽ പുതിയ പെൻഷൻ പദ്ധതിയിൽ തുടരുകയും ചെയ്യുന്ന കേന്ദ്രസർക്കാർ ജീവനക്കാർക്ക് പഴയ പെൻഷൻ പദ്ധതിയിലേയ്ക്ക് മാറാൻ അവസരം നൽകിയത് സംസ്ഥാനത്തും ബാധകമാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് നടപ്പിലാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി ശ്രീ. എസ്. സതീഷ്ചന്ദ്രബാബു അദ്ധ്യക്ഷനായി 07.11.2018-ലെ സ.ഉ. (പി) നം. 172/2018/ധന. ഉത്തരവ് പ്രകാരം സർക്കാർ ഒരു കമ്മിറ്റി രൂപീകരിക്കുകയും 03.09.2020 തീയതിയിലെ സ.ഉ (സാധാ)നം. 5071/2020/ധന. ഉത്തരവ് പ്രകാരം 01.04.2013-ന് മുമ്പുള്ള പി.എസ്.സി. വിജ്ഞാപനപ്രകാരം അപേക്ഷിച്ചതും 01.04.2013-നു ശേഷം നിയമനം ലഭിച്ചവരുമായവർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിഷയവും സമിതിയുടെ പരിഗണനാ വിഷയങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. പ്രസ്തുത സമിതി വിജ്ഞാപന തീയതി ഉൾപ്പെടെ പങ്കാളിത്ത പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ വിശദമായി പരിശോധിച്ച് 30.04.2021-ൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ച് വരികയാണ്. |
| (ബി) | സംസ്ഥാനത്ത് 2013 ഏപ്രിൽ 01-ന് മുമ്പ് വിജ്ഞാപനം ചെയ്ത തസ്തികകളിൽ നിയമിക്കപ്പെടുകയും നിലവിൽ പുതിയ പെൻഷൻ പദ്ധതിയിൽ തുടരുകയും ചെയ്യുന്ന ജീവനക്കാർക്ക് പഴയ പെൻഷൻ പദ്ധതിയിലേയ്ക്ക് മാറാൻ അവസരം നൽകുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ; | (ബി) | സംസ്ഥാനത്ത് നടപ്പിലാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി ശ്രീ. എസ്. സതീഷ്ചന്ദ്രബാബു അദ്ധ്യക്ഷനായി 07.11.2018-ലെ സ.ഉ. (പി) നം. 172/2018/ധന. ഉത്തരവ് പ്രകാരം സർക്കാർ ഒരു കമ്മിറ്റി രൂപീകരിക്കുകയും 03.09.2020 തീയതിയിലെ സ.ഉ (സാധാ)നം. 5071/2020/ധന. ഉത്തരവ് പ്രകാരം 01.04.2013-ന് മുമ്പുള്ള പി.എസ്.സി. വിജ്ഞാപനപ്രകാരം അപേക്ഷിച്ചതും 01.04.2013-നു ശേഷം നിയമനം ലഭിച്ചവരുമായവർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിഷയവും സമിതിയുടെ പരിഗണനാ വിഷയങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. പ്രസ്തുത സമിതി വിജ്ഞാപന തീയതി ഉൾപ്പെടെ പങ്കാളിത്ത |

| | | | |
|---|---|---|---|
| | | | പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ വിശദമായി പരിശോധിച്ച് 30.04.2021-ൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ച് വരികയാണ്. |
| (സി) | ഒരേ റാങ്ക് ലിസ്റ്റിൽ നിന്നും രണ്ട് തരം നിയമനങ്ങളെന്ന പരാതി ഒഴിവാക്കുന്നതിന് മുൻകൈയെടുക്കുമോ; വിശദമാക്കുമോ; | (സി) | സംസ്ഥാനത്ത് നടപ്പിലാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി ശ്രീ. എസ്. സതീഷ്ചന്ദ്രബാബു അദ്ധ്യക്ഷനായി 07.11.2018-ലെ സ.ഉ. (പി) നം. 172/2018/ധന. ഉത്തരവ് പ്രകാരം സർക്കാർ ഒരു കമ്മിറ്റി രൂപീകരിക്കുകയും 03.09.2020 തീയതിയിലെ സ.ഉ (സാധാ)നം. 5071/2020/ധന. ഉത്തരവ് പ്രകാരം 01.04.2013-ന് മുമ്പുള്ള പി.എസ്.സി. വിജ്ഞാപനപ്രകാരം അപേക്ഷിച്ചതും 01.04.2013-നു ശേഷം നിയമനം ലഭിച്ചവരുമായവർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിഷയവും സമിതിയുടെ പരിഗണനാ വിഷയങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. പ്രസ്തുത സമിതി വിജ്ഞാപന തീയതി ഉൾപ്പെടെ പങ്കാളിത്ത പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ വിശദമായി പരിശോധിച്ച് 30.04.2021-ൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ച് വരികയാണ്. |
| (ഡി) | സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ നിലവിൽ വന്ന 2013 ഏപ്രിൽ 01-ന് മുമ്പുള്ള വിജ്ഞാപന പ്രകാരം നിയമിക്കപ്പെടുകയും നിലവിൽ പുതിയ പെൻഷൻ പദ്ധതിയിൽ തുടരുകയും ചെയ്യുന്ന ജീവനക്കാരുടെ എണ്ണം എത്രയാണെന്ന് വെളിപ്പെടുത്തുമോ? | (ഡി) | സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ നിലവിൽ വന്ന 2013 ഏപ്രിൽ 01-ന് മുമ്പുള്ള വിജ്ഞാപന പ്രകാരം സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ നിയമിക്കപ്പെടുകയും നിലവിൽ പുതിയ പെൻഷൻ പദ്ധതിയിൽ തുടരുകയും ചെയ്യുന്ന ജീവനക്കാരുടെ എണ്ണം 09/06/2021 തീയതിയിൽ PSC യിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം ഏകദേശം 58000 വരും. |

സെക്ഷൻ ഓഫീസർ